"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - കവടിയാർ ഹൗസ് - സ്വീപ്പർ തസ്തിക - ദിവസവേതനാടിസ്ഥാനത്തിൽ ശ്രീമതി. എ. സാറാമ്മയെ നിയമിച്ച നടപടിയ്ക്ക് സാധൂകരണവും ശമ്പളം അനുവദിയ്ക്കുന്നതിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.176/2024/TSM തീയതി,തിരുവനന്തപുരം, 18-03-2024

---

പരാമർശം:- വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 10.01.2024 ലെ DOT/13840/2023-E4 നമ്പർ കത്ത്

**ഉത്തരവ്**

ബഹു. മൽസ്യബന്ധന, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രിയുടെ മുൻ ഔദ്യോഗിക വസതിയായിരുന്ന കവടിയാർ ഹൗസിൽ സ്വീപ്പർ തസ്തികയിൽ ശ്രീമതി. എ. സാറാമ്മയെ 10.03.2022 മുതൽ 11.07.2022 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും ടിയാൾക്കു വേതനം ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കവടിയാർ ഹൗസിൽ സ്വീപ്പർ തസ്തികയിൽ ശ്രീമതി. എ. സാറാമ്മയെ 10.03.2022 മുതൽ 11.07.2022 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകിയും ടിയാൾക്കു പ്രസ്തുത കാലയളവിലെ ശമ്പളം അനുവദിയ്ക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ് , തിരുവനന്തപുരം
ശ്രീമതി. എ. സാറാമ്മ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/209/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 18-03-2024 16:38:04
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്